# കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ, തിരുവനന്തപുരം

ഹാജർ : ജസ്റ്റിസ് ശ്രീ. അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

## എച്ച്.ആർ.എം.പി നമ്പർ 7985/11/12/2023/ TVM

പരാതിക്കാരി : ശ്രീമതി. ബിന്ദു.പി.എസ്
ആറ്ററികത്ത് വീട്, മേനംകുളം, കഴക്കൂട്ടം.
പി.ഒ, തിരുവനന്തപുരം.

## ഉത്തരവ് തീയതി 7. 2. 2025

പരാതികക്ഷി മേനംകുളം ജംഗ്ഷനിൽ എസ്.പി. ചിക്കൻ സ്റ്റാൾ എന്ന പേരിൽ ഒരു സ്ഥാപനം നടത്തുന്നുണ്ടെന്നും അവിടെ ചിക്കൻ വാങ്ങാനായി കഠിനംകുളം 10-ാം വാർഡിലെ പഞ്ചായത്ത് മെമ്പർ ലെനിൽലാൽ ചിക്കൻ വാങ്ങാൻ വരുകയും ചിക്കൻ കൊടുക്കാൻ താമസിച്ചു എന്ന പേരിൽ പരാതിക്കാരനോടും സ്റ്റാഫിനോടും വഴക്കിട്ട് ഇറങ്ങിപോകുകയും ചെയ്തുവെന്നും അതുകഴിഞ്ഞ് അരമണിക്കൂർ കഴിയും മുമ്പ് ഹെൽത്ത് ഇൻസ്പെക്ടർ വന്ന് കട അടയ്ക്കാൻ പറയുകയും പരാതിക്കാരനെ പിടിച്ച് തള്ളിയെന്നും ഈ മെമ്പർ പരാതിക്കാരന്റെ പേരിൽ കഴക്കൂട്ടം സ്റ്റേഷനിൽ പരാതി നൽകിയെന്നും പരാതിക്കാരനെ നിരന്തരം ഭീഷണിപ്പെടുത്തുകയും ജീവിക്കാൻ അനുവദിക്കില്ലെന്നും പറഞ്ഞ് ഉപദ്രവിക്കുകയും ചെയ്യുന്നതായും മറ്റുമാണ് പരാതി.

സെക്രട്ടറി, കഠിനംകുളം ഗ്രാമപഞ്ചായത്ത് സമർപ്പിച്ച 24-02-2024-ലെ റിപ്പോർട്ട് ലഭിച്ചു. ടി റിപ്പോർട്ടിൽ ശ്രീമതി. ബിന്ദു, ആറ്ററികത്ത് വീട്, മേനംകുളം എന്ന വ്യക്തി മേനംകുളം എന്ന സ്ഥലത്ത് എസ്.പി. ചിക്കൻസ്റ്റാൾ എന്ന സ്ഥാപനം നടത്തി വരുന്നുണ്ടെന്നും പഞ്ചായത്തിന്റെ ലൈസൻസ് എടുക്കാതെയാണ് സ്ഥാപനം പ്രവർത്തിക്കുന്നതെന്നും പരാതിയിൽ പരാമർശിച്ചിരുന്ന വിഷയം സംബന്ധിച്ച് യാതൊരു അറിയിപ്പോ പരാതിയോ ശ്രീമതി. ബിന്ദു പഞ്ചായത്ത് ഓഫീസിൽ നൽകിയിരുന്നില്ലെന്നും പരാതിക്ക് പരിഹാരം കാണുന്നതിന് പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുണ്ടെന്ന് പരാതിയിൽ പരാമർശിക്കുന്നെങ്കിലും ആയത് സംബന്ധിച്ച് യാതൊരു അറിയിപ്പും പഞ്ചായത്തിൽ ലഭ്യമായിട്ടില്ല എന്നും റിപ്പോർട്ട് ചെയ്യുന്നു.

7-2-2025 തീയതി പരാതികക്ഷി ഹാജരായി. ലൈസൻസിനായി ടിയാൾ നിയമാനുസരണം അപേക്ഷ നൽകിയതായി പറയുന്നു. പുതുകുറിച്ചി പ്രാഥമികാരോഗ്യകേന്ദ്രത്തിലെ ഹെൽത്ത് ഇൻസ്പെക്ടർ പരാതികക്ഷിയെ

നേരിൽ കേട്ടും, സത്യസന്ധമായ അന്വേഷണം നടത്തി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് റിപ്പോർട്ട് നൽകേണ്ടതാണ്. ഹെൽത്ത് ഇൻസ്പെക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നിയമാനുസൃതനടപടി ഇക്കാര്യത്തിൽ സ്വീകരിക്കേണ്ടതാണെന്ന നിർദ്ദേശത്തോടെ പരാതി തീർപ്പാക്കുന്നു.

ഉത്തരവിന്റെ പകർപ്പ് പരാതിക്കാരിയ്ക്കും കഠിനംകുളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കും അയച്ചുകൊടുക്കുക.

ഒപ്പ്
ജസ്റ്റിസ് അലക്സാണ്ടർ തോമസ്
ചെയർപേഴ്സൺ

//ശരിപ്പകർപ്പ്//

രജിസ്ട്രാർ